# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *367 — 17/12/2014-ൽ മറുപടിക്ക്

# കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ<br>" കെ.കെ. നാരായണൻ<br>" കെ. കുഞ്ഞിരാമൻ (ഉദുമ)<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി) |
| (എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കടുത്ത പ്രതിസന്ധി നേരിടുകയാണെന്ന് ബോർഡിന്റെ ചെയർമാൻ തന്നെ പ്രസ്താവിക്കാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സർക്കാർ വിഹിതം അടിയന്തര മായി നൽകാനും ഭൂവുടമാ വിഹിതം കൃത്യമായി പിരിച്ചെടുത്ത് ക്ഷേമനിധി ബോർഡിന് നൽകുന്നുവെന്ന് ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ? | (ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 2001 മുതൽ കുടിശ്ശിക ആയിരുന്ന അതിവർഷാനുകൂല്യം കൊടുത്തു തീർക്കുന്നതിനായി ബോർഡിന്റെ ശുപാർശ പരിഗണിച്ച് 31/10/2009-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 149/2009/തൊഴിൽ പ്രകാരം ബോർഡിന് 114.9 കോടി രൂപ പ്രത്യേക ധനസഹായം അനുവദിച്ചിരുന്നു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുന്നതിന് ബോർഡ് |

സമർപ്പിച്ചിട്ടുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. ഭൂവുടമ കളിൽ നിന്നും ലഭിക്കേണ്ട അംശദായം കൃത്യമായി പിരിച്ചെടുക്കുന്നതിനാവശ്യ മായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗ സ്ഥർക്ക് റവന്യൂ വകുപ്പ് മുഖാന്തിരം നൽകിയിട്ടുണ്ട്. 1974-ലെ കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് നിയമം വകുപ്പ് 9(1) പ്രകാരവും, കേരള അഗ്രിക്കൾച്ചറൽ വെൽഫെയർ ഫണ്ട് സ്കീമിലെ ചട്ടം 26 (5) പ്രകാരവും, കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശ ങ്ങളുടെ അടിസ്ഥാനത്തിലും ഭൂവുടമാ വിഹിതം കൃത്യമായി പിരിച്ചെടുത്ത് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ